**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3421 08.11.2019 ൽ മറുപടിക്ക്

**ചെങ്ങന്നൂർ ജില്ല സ്റ്റേഡിയം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സജി ചെറിയാൻ** | **എ.സി. മൊയ്തീൻ (തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)** |
| കിഫ്ബിയുടെ അനുമതിയോടെ പുരോഗമിക്കുന്ന ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയുടെ ജില്ലാ സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട് സ്റ്റേഡിയത്തിനായുള്ള 21.75 ആർ സ്ഥലം സമീപത്തുള്ള ചിന്മയ വിദ്യാലയത്തിന് നൽകുന്നതിനും പകരം വിദ്യാലയം വക 21.75 ആർ സ്ഥലം സ്റ്റേഡിയത്തിന് വിട്ടു തരുന്നതിനും അനുമതിക്കായുള്ള അപേക്ഷയിൽ സ്വീകരിച്ചുവരുന്ന നടപടിയുടെ പുരോഗതി വ്യക്തമാക്കാമോ? | ചെങ്ങന്നൂർ നഗരസഭാ സ്റ്റേഡിയം കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്നത് സ്പോർട്സ് & യൂത്ത് അഫയേഴ്സ് വകുപ്പാണ്. ആയതിനാൽ 26/09/2017-ൽ കൂടിയ നഗര സഭാ കൗൺസിൽ യോഗത്തിന്റെ മൂന്നാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലം സ്പോർട്സ് & യൂത്ത് അഫയേഴ്സ് വകുപ്പിന് വിട്ടു നല്കിയിട്ടുള്ളതാണെന്ന് നഗരസഭാ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**